LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരിയിൽ പോലീസുകാർക്ക് താമസസൗകര്യം

54 [1630] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ പോലീസുകാർക്ക് താമസസൗകര്യം ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുണ്ടായിരുന്ന ഉപയോഗശൂന്യമായ പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് ആവശ്യമായ പോലീസ് ക്വാർട്ടേഴ്സുകൾ ഈ വർഷം തന്നെ നിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് 2-ഉം ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് 16-ഉം പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

മാളയിൽ നടന്ന ഇരട്ട കൊലപാതകം

55 [1631] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിൽ 26-3-2004-ൽ നടന്ന ഇരട്ടക്കൊലപാതകം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഭീകരാക്രമണത്തിൽ പരിക്കു പറ്റിയ സ്ത്രീകളുടെയും കുട്ടികളുടെയും ചികിൽസയ്ക്ക് എന്ത് സഹായമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ആക്രമണത്തിൽ കൊല്ലപ്പെടുകയും ചികിൽസയിൽ കഴിയുകയും ചെയ്യുന്നവരുടെ കുടുംബങ്ങൾക്ക് എന്ത് സഹായമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് മാള പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം 103/2004 കേസ് 16-4-2004-ൽ ഊർജ്ജിത അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും, ടി കേസ് ക്രൈം നമ്പർ 165/സി.ആർ./2004 ആയി റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയുമാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെക്കുറിച്ച് വിവരം ലഭിച്ചിട്ടില്ല. കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.